**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചേലക്കര കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ചേലക്കര മണ്ഡലത്തിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരമുള്ള ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജക മണ്ഡലത്തിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണ പ്രവൃത്തിക്കായി ബഹു. ചേലക്കര നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30.10.2025 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം 50.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. 06.11.2025 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതം ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് വർക്ക് ഓർഡർ നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്കായി ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | കരാറുകാരന് വർക്ക് ഓർഡർ നൽകി കരാറിലേർപ്പെട്ടാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ